ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്ര നിർമാണത്തിനും സാമൂഹിക പരിവർത്തനത്തിനുമുള്ള മാധ്യമമാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   President Draupadi Murmu has said that education is a medium of social transformation and nation building.

2. ധനകാര്യ ബിൽ-2024 ലോക്സഭ ഭേദഗതികളോടെ പാസാക്കി. മെഡിക്കൽ ഇൻഷുറൻസിലെ 18 ശതമാനം ജി.എസ്.ടി പിൻവലിക്കുന്നത് ജി.എസ്.ടി കൗൺസിൽ യോഗം തീരുമാനിക്കുമെന്ന് കേന്ദ്ര ധനമന്ത്രി.

   The Lok Sabha has approved Finance Bill-2024 with amendments. The decision on issue of removal of 18 percent GST on medical insurance will have to be taken in the GST Council ; says Union Finance Minister.

3. സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് ഇന്ന് ക്വിറ്റ് ഇന്ത്യാ ദിനം.

   Reminding the struggles for freedom struggle Quit India Day is being observed today.

4. **ബംഗ്ലാദേശിൽ നൊബേൽ പുരസ്കാര ജേതാവ് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.**

   **Nobel laureate Muhammad Yunus is scheduled to be sworn in as the head of an interim government of Bangladesh today.**

5. **വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുമെന്ന് മന്ത്രിസഭാ ഉപസമിതി.**

   **The cabinet sub committee informed that the rehabilitation of the survivers in Wayanad Mundakai–Churalmala landslides will be implemented in three phases.**

6. **പാരീസ് ഒളിമ്പിക്സിൽ സ്വർണ്ണപ്രതീക്ഷയുമായി ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് മത്സരിക്കും. ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ട് വിരമിക്കൽ പ്രഖ്യാപിച്ചു.**

   **India's Neeraj Chopra will compete for gold in Paris Olympics today. Indian wrestler Vinesh Phogat has announced her retirement.**

==================================

## PREZ - NEW ZEALAND VISIT

രാജ്യ നിർമാണത്തിനും സാമൂഹിക പരിവർത്തനത്തിനുമുള്ള മാധ്യമമാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. രണ്ട് ദിവസത്തെ സന്ദർശനത്തിനായ് ന്യൂസിലൻഡിൽ എത്തിയ ശ്രീമതി മുർമു, അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്തു. ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. ന്യൂസിലൻഡ് തലസ്ഥാനമായ വെല്ലിംഗ്ടണിലെത്തിയ ശ്രീമതി

മുർമുവിനെ Royal Guard of Honour നൽകിയാണ് സ്വീകരിച്ചത്. ഗവർണർ ജനറൽ സിൻഡി കിറോയുമായും, പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായും രാഷ്ട്രപതി ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പ ചക്രം സമർപ്പിക്കുന്ന രാഷ്ട്രപതി, ഓക്ക്-ലൻഡിൽ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. രണ്ട് ദിവസത്തെ ഫിജി സന്ദർശനം പൂർത്തിയാക്കിയാണ് ശ്രീമതി മുർമു ഓക്ക്-ലൻഡിലെത്തിയത്. ശനിയാഴ്ച തിമോർ - ലെസ്റ്റെയും രാഷ്ട്രപതി സന്ദർശിക്കും.

==================================

## LS - FINANCE BILL

ധനകാര്യ ബിൽ 2024 ലോക്സഭ ഭേദഗതികളോടെ പാസാക്കി. 2024 - 2025 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര സർക്കാരിന്റെ ധനകാര്യ ശുപാർശകൾ നടപ്പാക്കുന്നതാണ് ബിൽ. രാജ്യത്തെ നികുതി നിയമങ്ങളും നടപടിക്രമങ്ങളും കൂടുതൽ ലഘൂകരിക്കുന്നതിനും വളർച്ചയും വികസനവും ത്വരിതപ്പെടുത്തുന്നതിനുമാണ് കേന്ദ്രസർക്കാരിന്റെ നികുതി സമീപനമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. മെഡിക്കൽ, ലൈഫ് ഇൻഷുറൻസ് എന്നിവയുടെ ജിഎസ്ടി പിൻവലിക്കണമെന്ന പ്രതിപക്ഷം ആവശ്യപ്പെട്ടു. മെഡിക്കൽ ഇൻഷുറൻസിലെ 18 ശതമാനം GST പിൻവലിക്കുന്നത് ജി എസ് ടി കൗൺസിൽ യോഗത്തിൽ തീരുമാനിക്കാനാകുവെന്ന് ധനമന്ത്രി വ്യക്തമാക്കി. 2024 - 25 വർഷത്തിൽ 7 കോടി 28 ലക്ഷം ആദായ നികുതി റിട്ടേണുകളാണ് കഴിഞ്ഞ മാസം 31 വരെ സമർപ്പിച്ചത്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 7.5 ശതമാനം വർധനയുണ്ടെന്നും ധനമന്ത്രി അറിയിച്ചു.

==================================

## ISRO

ഇത്തവണത്തെ സ്വാതന്ത്ര്യദിനത്തിൽ ഐ.എസ്.ആർ.ഒ ഇന്ത്യയുടെ സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെ മൂന്നാമത്തെയും അവസാനത്തെയും പരീക്ഷണ വിക്ഷേപണം നടത്തും. **SSLV** ഉപയോഗിച്ചായിരിക്കും 175.5 കിലോഗ്രാം ഭാരമുള്ള ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇ.ഒ.എസ്-08 ഭ്രമണപഥത്തിൽ എത്തിക്കുക.

==================================

## QUIT INDIA DAY – (INTRO)

ഇന്ന് ക്വിറ്റ് ഇന്ത്യ ദിനം. സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിലെ സുപ്രധാന നീക്കമായിരുന്നു ക്വിറ്റ് ഇന്ത്യാ മൂവ്മെന്റ്.

**വിശദാംശങ്ങളിലേക്ക്.......**

## (VOICE.....)

ആഗസ്റ്റ് വിപ്ലവം എന്നും ക്വിറ്റ് ഇന്ത്യാ ദിനം അറിയപ്പെടുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന അവസാനത്തെ ബഹുജന മുന്നേറ്റം എന്നും ഇതിനെ വിശേഷിപ്പിക്കാം. ഇന്ത്യയ്ക്ക് ഡൊമിനിയൻ പദവി നൽകുന്നതിനുള്ള ക്രിപ്സ് മിഷൻ പരാജയപ്പെട്ടതിനെ തുടർന്നാണ് ബ്രിട്ടീഷുകാർ എന്നെന്നേയ്ക്കുമായി ഇന്ത്യ വിടുക എന്ന മുദ്രാവാക്യവുമായി മഹാത്മാഗാന്ധി 1942-ൽ ക്വിറ്റ് ഇന്ത്യ സമരത്തിന് തുടക്കമിട്ടത്. 1942 ജൂലൈ ആറ് മുതൽ 14 വരെ വർധയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തക സമിതി ഇതു സംബന്ധിച്ച് പ്രമേയം പാസാക്കി. ഓഗസ്റ്റ് ആദ്യം ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി

പ്രമേയത്തിന് അംഗീകാരം നൽകിയതോടെയാണ് 1942 ഓഗസ്റ്റ് എട്ടിന് ക്വിറ്റ് ഇന്ത്യ സമരം ആരംഭിച്ചത്.

ന്യൂസ് ഡെസ്ക്, ആകാശവാണി....

==================================

## MORN. BANGLADESH

ബംഗ്ലാദേശിൽ നൊബേൽ പുരസ്കാര ജേതാവ് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. സൈനിക തലവൻ ജനറൽ **വക്കർ ഉസ് സമാൻ** ഇന്നലെ മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. രാജ്യം എത്രയും വേഗം പൂർവസ്ഥിതിയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായും കഴിഞ്ഞ കുറച്ചു നാളുകളായി കുറ്റകൃത്യങ്ങൾ നടത്തിവരുന്നവർക്ക് തക്ക ശിക്ഷ നൽകുമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ഭീഷണി നേരിടേണ്ടി വന്നാൽ അടുത്തുള്ള സൈനിക ക്യാമ്പിൽ അറിയിക്കേണ്ടതാണെന്ന് സൈന്യം അറിയിച്ചു.

==================================

## RASHTRIYA VIGYAN PURASKAR

രാഷ്ട്രീയ വിഗ്യാൻ പുരസ്ക്കാരം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. ഇത്തവണ ചന്ദ്രയാൻ-3 ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച ISROയിലെ ശാസ്ത്രജ്ഞർക്കാണ് പുരസ്ക്കാരം നൽകുന്നത്. ശാസ്ത്ര-സാങ്കേതിക മേഖലയിലെ മികവിന് രാജ്യം നൽകുന്ന പരമോന്നത അംഗീകാരമാണ് രാഷ്ട്രീയ വിഗ്യാൻ പുരസ്ക്കാരം. Vigyan Ratna അവാർഡ് IIST മുൻ ഡയറക്ടർ പ്രൊഫ.ജി പത്മനാഭന്

സമ്മാനിക്കും. ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് ഈ മാസം 23-ന് നടക്കുന്ന ചടങ്ങിൽ പുരസ്ക്കാരങ്ങൾ വിതരണം ചെയ്യും.

==================================

## ECI - BY POLLS

രാജ്യത്തെ 9 സംസ്ഥാനങ്ങളിൽ ഒഴിവുവന്ന 12 രാജ്യസഭ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് തീയതി തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. അടുത്തമാസം 3-നാണ് വോട്ടെടുപ്പ്. വിജ്ഞാപനം ഈ മാസം 14-ന് പുറത്തിറക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 21 വരെ നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന ഈ മാസം 22-ന് നടക്കും.

==================================

## KAVACH 4.0

**10,000** ലോക്കോമോട്ടീവുകളിൽ **കവച് 4.0** സ്ഥാപിക്കാൻ കേന്ദ്രാനുമതി. ട്രെയിനുകളുടെ വേഗത നിയന്ത്രിക്കാനും അപകടങ്ങൾ തടയാൻ ആവശ്യമെങ്കിൽ ബ്രേക്ക് പ്രയോഗിക്കാനും സാധിക്കുന്ന സംവിധാനമാണ് കവച്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ കവച് സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയാക്കാനാണ് മന്ത്രാലയം ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

==================================

## WAYANAD UPDATE

വയനാട് മുണ്ടക്കൈ -ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുമെന്ന് മന്ത്രിസഭാ ഉപസമിതി. നിലവിൽ ക്യാമ്പുകളിൽ കഴിയുന്നവരെ

താത്ക്കാലികമായി പുനരധിവസിപ്പിക്കുന്നതാണ് ഒന്നാം ഘട്ടം. ഇതിനായി ബന്ധുവീടുകളിൽ പോവാൻ താൽപര്യമുള്ളവർക്ക് അതിനുള്ള സൗകര്യമൊരുക്കും. മറ്റുള്ളവരെ താമസിപ്പിക്കുന്നതിന് വാടക വീടുകളോ മറ്റ് സൗകര്യങ്ങളോ സർക്കാർ ചെലവിൽ കണ്ടെത്തി നൽകും. ഇതിനായി തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപുലമായ പദ്ധതിക്ക് രൂപം നൽകിയതായി റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു. സ്ഥിരം വീടുകളിലേക്ക് മാറുന്നതിന് മുമ്പുള്ള ഇടക്കാല ട്രാൻസിറ്റ് ഹോം സംവിധാനമാണ് രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുക. സമ്പൂർണ പുനരധിവാസത്തിന്റെ ഭാഗമായുള്ള എല്ലാ സൗകര്യങ്ങളോടും കൂടിയ ടൗൺഷിപ്പ് പദ്ധതി മൂന്നാംഘട്ടത്തിലാണ് നടപ്പിലാക്കുകയെന്നും റവന്യൂമന്ത്രി അറിയിച്ചു.

==================================

## WAYANAD COUNSELLING

വയനാട്ടിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ആവശ്യമെങ്കിൽ വിദഗ്ധ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ രൂപം നൽകി. നിലവിൽ 136 കൗൺസിലർമാരുടെ സേവനമാണ് വിവിധ ക്യാമ്പുകളിലായി നൽകുന്നത്.

==================================

## WAYANAD – SEARCH

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഒമ്പതാം ദിനത്തിൽ നിലമ്പൂരിൽ നിന്നും ഒരു മൃതദേഹം കണ്ടെടുത്തു. വയനാട്ടിൽ നിന്ന് ഒന്നും നിലമ്പൂരിൽ നിന്ന് മൂന്നും ശരീര ഭാഗങ്ങളും തെരച്ചിൽ സംഘങ്ങൾ കണ്ടെടുത്തു. ഇതോടെ വയനാട്ടിൽ നിന്ന് **148**, നിലമ്പൂരിൽ നിന്ന് **77** എന്നിങ്ങനെ ഔദ്യോഗികമായി സ്ഥിരീകരിച്ച മരണസംഖ്യ **225** ആയി.

ഇതുവരെ **192** ശരീരഭാഗങ്ങളും കണ്ടെടുത്തിട്ടുണ്ട്. തിരിച്ചറിയാത്ത **46** മൃതദേഹങ്ങളും **180** ശരീരഭാഗങ്ങളും ഇതിനകം സംസ്കരിച്ചു.

==================================

## KAVALAPPARA

59 പേരുടെ മരണത്തിനിടയാക്കിയ കവളപ്പാറ ഉരുൾപൊട്ടൽ ദുരന്തത്തിന് ഇന്ന് അഞ്ച് വർഷം തികയുന്നു. 2019 ആഗസ്റ്റ് എട്ടിനാണ് നിലമ്പൂർ പോത്തുകല്ല് പഞ്ചായത്തിലെ കവളപ്പാറ മുത്തപ്പൻ മലയിടിഞ്ഞ് വൻ ദുരന്തമുണ്ടായത്.

==================================

## PARIS OLYMPICS – (INTRO)

പാരീസ് ഒളിമ്പിക്സിൽ സ്വർണ്ണപ്രതീക്ഷയുമായി ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് മത്സരിക്കും.

**ഒളിമ്പിക്സ് വിശേഷങ്ങളുമായി പാരീസിൽ നിന്ന് ആകാശവാണിക്ക് വേണ്ടി വി. ശിവകുമാർ....**

**(VOICE....)**

==================================

## VINESH PHOGAT

പാരീസ് ഒളിംപിക്സ് ഫൈനലിൽ  അയോഗ്യയായതിന് പിന്നാലെ ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ട് വിരമിക്കൽ പ്രഖ്യാപിച്ചു. 'ഇനി പോരാടാനുള്ള കരുത്ത് ഇല്ല' എന്ന വികാരഭരിതമായ സമൂഹമാധ്യമ  പോസ്റ്റിലൂടെയാണ് വിനേഷ് തന്റെ വിരമിക്കൽ ലോകത്തെ അറിയിച്ചത്. അതേസമയം, അയോഗ്യതയ്ക്കെതിരെ

വിനേഷ് ഫോഗട്ട് കോർട്ട് ഓഫ് ആർബിട്രേഷൻ ഫോർ സ്പോർട്ടിൽ അപ്പീൽ നൽകി. ഒളിമ്പിക്സിൽ വെള്ളിമെഡൽ നൽകണമെന്നും വിനേഷ് അഭ്യർത്ഥിച്ചിട്ടുണ്ട്.

==================================

## IOA - PROTEST

പാരീസ് ഒളിമ്പിക്സിൽ ഗുസ്തിയിൽ വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയ തീരുമാനത്തിൽ ശക്തമായ പ്രതിഷേധം അറിയിച്ച് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ. United World Wrestling നെ ഇന്ത്യ പ്രതിഷേധം അറിയിച്ചതായി ലോക്സഭയിൽ സ്വമേധയാ നടത്തിയ പ്രസ്താവനയിൽ  കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ പറഞ്ഞു.

==================================

## CEC - J&K VISIT

ജമ്മു കശ്മീരിലെ നിയമസഭ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് വിലയിരുത്തും.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ,
തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേശ് കുമാർ,
S S സന്തു എന്നിവർ ഇന്ന് ജമ്മുകശ്മീർ സന്ദർശിക്കും. ശനിയാഴ്ച വരെയാണ് സന്ദർശനം.

==================================

====================

=======